**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 494** **13-08-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി കോളനികളുടെ സമഗ്ര വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീമതി ഒ എസ് അംബിക,<br>ശ്രീ. പി. ടി. എ. റഹീം | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | മുപ്പതിലധികം പട്ടികജാതി കുടുംബങ്ങൾ വസിക്കുന്ന കോളനികളുടെ സമഗ്ര വികസനം ലക്ഷ്യമാക്കി കഴിഞ്ഞ സർക്കാർ നടത്തി വന്നിരുന്ന അംബേദ്കർ ഗ്രാമ വികസന പദ്ധതിയുടെ നിലവിലെ സ്ഥിതിയെന്താണ്; പദ്ധതി പ്രകാരം എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടത്തുന്നത്; | (എ) | പട്ടികജാതി വിഭാഗക്കാർ കൂടുതലായി താമസിച്ചുവരുന്ന പ്രദേശങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ, സമഗ്രമായി വികസിപ്പിക്കുന്നതിനായി നടപ്പിലാക്കിവരുന്ന പദ്ധതിയാണ് അംബേദ്കർ ഗ്രാമവികസന പദ്ധതി. പ്രസ്തുത പദ്ധതി പ്രകാരം തെരഞ്ഞെടുത്തിട്ടുള്ള കോളനികളിൽ 1 കോടി രൂപവരെയുള്ള വികസന പ്രവർത്തനങ്ങളാണ് നടത്തുന്നത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പ്രസ്തുത പദ്ധതി പ്രകാരം ഫീസിബിളായ 447 കോളനികളെ തെരഞ്ഞെടുത്തിരുന്നു. അതിൽ 392 കോളനികളുടെ എസ്റ്റിമേറ്റാണ് അംഗീകരിച്ചത്. അതിൽ 31.07.2021 ലെ കണക്ക് പ്രകാരം 134 കോളനികളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. വിവിധ കാരണങ്ങളാൽ പ്രവർത്തി ആരംഭിക്കാത്ത 70 കോളനികളിലുൾപ്പെടെ 258 പ്രവൃത്തികളാണ് ഇനി പൂർത്തീകരിക്കാനുള്ളത്. പ്രസ്തുത പദ്ധതി പ്രകാരം ഫണ്ടിന്റെ ലഭ്യതയും കോളനി നിവാസികളുടെ താൽപര്യവും മുൻനിർത്തി നടപ്പാക്കുന്ന വികസന പദ്ധതികൾ അനുബന്ധം I ആയി ചേർത്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം എത്ര കോളനികൾ നവീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്; | (ബി) | പരിശോധിച്ചു വരുന്നു. |
| (സി) | സമാനമായി പട്ടികഗോത്ര ഊരുകൾ വികസിപ്പിക്കാൻ നടത്തുന്ന അംബേദ്കർ സെറ്റിൽമെന്റ് പദ്ധതിയുടെ പുരോഗതിയെക്കുറിച്ച് വ്യക്തമാക്കാമോ; | (സി) | 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിക്കപ്പെട്ട പദ്ധതിയാണ് അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി. സംസ്ഥാനത്തെ പട്ടികവർഗ്ഗ സങ്കേതങ്ങളുടെ വികസനമാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. പ്രസ്തുത പദ്ധതി പ്രകാരം 2017-18 സാമ്പത്തിക വർഷം 94 കോളനികൾ തെരഞ്ഞെടുത്തിരുന്നതിൽ 22 കോളനികളിലെ വികസന പ്രവർത്തനങ്ങൾ |

| | | | |
|---|---|---|---|
| | | | പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന കോളനികളുടെ വികസന പ്രവർത്തനങ്ങൾ 31.03.2022-നകം പൂർത്തീകരിക്കുന്നതിനായി നിർവ്വഹണ ഏജൻസിയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷം അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിക്കായി 64 കോളനികൾ തെരഞ്ഞെടുത്തിട്ടുണ്ട്. തുടർനടപടികൾ സംബന്ധിച്ച് പരിശോധിച്ചു വരികയാണ്. ടി പദ്ധതി പ്രകാരം നടപ്പാക്കുന്ന വികസന പദ്ധതികൾ അനുബന്ധം II ആയി ചേർത്തിരിക്കുന്നു. |
| (ഡി) | ഇരു പദ്ധതികളും അടിസ്ഥാനസൗകര്യ വികസനത്തിന് പുറമെ ജീവനോപാധി പ്രവർത്തനങ്ങൾക്ക് കൂടി പ്രാധാന്യം നൽകുന്നുണ്ടോയെന്ന് അറിയിക്കാമോ? | (ഡി) | നൽകുന്നുണ്ട്. അംബേദ്കർ ഗ്രാമ വികസന പദ്ധതി മാനദണ്ഡ പ്രകാരം വരുമാനദായക പദ്ധതികളായ മൃഗസംരക്ഷണം/ ഹോർട്ടികൾച്ചർ/ വീവിംഗ്/ കരകൗശലം മുതലായവ (വനിതകൾക്കുള്ള സ്വയം തൊഴിൽ പദ്ധതി) എന്നീ ജീവനോപാധി പ്രവർത്തനങ്ങൾക്കു കൂടി പ്രാധാന്യം നൽകുന്നു. പട്ടികവർഗ്ഗ സങ്കേതങ്ങളിലെ സാമ്പത്തിക വികസന പ്രവർത്തനങ്ങൾ, വനിതകൾക്കും കുട്ടികൾക്കുമായുള്ള ക്ഷേമപ്രവർത്തനങ്ങൾ എന്നിവ ഉൾപ്പെടെയുള്ള ജീവനോപാധി പ്രവർത്തനങ്ങൾ ഊരുകൂട്ട ശിപാർശയുടെ അടിസ്ഥാനത്തിൽ നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം -II

## അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി പ്രകാരം നടപ്പാക്കുന്ന വികസന പദ്ധതികൾ

1. ഭവനനിർമ്മാണം
2. ഭവന പുനരുദ്ധാരണം
3. കുടിവെള്ള വിതരണ പദ്ധതികൾ
4. ശുചിത്വ പരിപാടികൾ
5. നടപ്പാത
6. നടപ്പാലം മുതലായ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ
7. സാമ്പത്തിക വികസന പ്രവർത്തനങ്ങൾട
8. വനിതകൾക്കും കുട്ടികൾക്കുമായുള്ള ക്ഷേമ പ്രവർത്തനങ്ങൾ
9. ജീവനോപാധികളുടെ വിതരണം തുടങ്ങിയ പ്രവർത്തികൾ ഊരുകൂട്ട ശിപാർശയനുസരിച്ച് ഈ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കി വരുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം -I

## അംബേദ്കർ ഗ്രാമവികസന പദ്ധതി പ്രകാരം നടപ്പാക്കുന്ന വികസന പ്രവർത്തനങ്ങൾ

1. ഇൻറേണൽ റോഡ്/ഫുട്പാത്ത്
2. ആശയവിനിമയ സൗകര്യം
3. കുടിവെള്ള സൗകര്യങ്ങൾ
4. ഡ്രെയിനേജ് സൗകര്യങ്ങൾ
5. വൈദ്യുതീകരണം/വീടുകളിലേയ്ക്കുള്ള സോളാർ വൈദ്യുതീകരണം
6. സോളാർ തെരുവു വിളക്ക്
7. സാനിറ്റേഷൻ
8. ഭവന പുനരുദ്ധാരണം
9. മാലിന്യനിർമ്മാജനം
10. പൊതുവായ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ/കളിസ്ഥലം മുതലായവ (സ്ഥലം ലഭ്യമാണെങ്കിൽ)
11. സംരക്ഷണഭിത്തി നിർമ്മാണം
12. ഇറിഗേഷൻ
13. അടുക്കളത്തോട്ടം
14. വരുമാനദായക പദ്ധതികളായ മൃഗസംരക്ഷണം/ഹോർട്ടികൾച്ചർ/വീവിംഗ്/കരകൗശലം മുതലായവ (വനിതകൾക്കുള്ള സ്വയംതൊഴിൽ പദ്ധതി)

സെക്ഷൻ ഓഫീസർ